LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽപ്പെടുത്തി അരുർ നിയോജക മണ്ഡലത്തിലെ നരിയാണ്ടി കോളനിയിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് :

പാർശ്വഭിത്തി 800 മീറ്റർ പൂർത്തീകരിച്ചു.

റോഡ് നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചു.

ബോക്സ് കൽവർട്ട് 2 എണ്ണം പൂർത്തിയായി.

(ബി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 20-2-2014-ൽ കോളനിയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ചുവടെ പറയുന്ന പ്രവർത്തനങ്ങളാണ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത് :

കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

മൂന്ന് റോഡുകളുടെ നിർമ്മാണം

കോൺക്രീറ്റ് നടപ്പാത

കോൺക്രീറ്റ് സ്ലാബ് പാലങ്ങൾ

സ്ട്രീറ്റ് ലൈറ്റ്

കുടിവെള്ള പദ്ധതി

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിനെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതികളുടെ മുൻഗണനാലിസ്റ്റ് 21-7-2014-ന് നൽകിയിരുന്നെങ്കിലും എസ്റ്റിമേറ്റ് ഇതുവരെ ലഭ്യമായിട്ടില്ല.

പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ നിർദ്ദേശിക്കുന്നത് അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരാണ്. എംപാനൽ ചെയ്ത ഏജൻസികളിൽ നിന്നും എം.എൽ.എ.-യ്ക്ക് പുതിയ ഏജൻസിയെ നിർദ്ദേശിക്കാവുന്നതാണ്.

കരാർ/ദിവസക്കൂലി നിയമനങ്ങളിൽ കർശനമായി സംവരണ മാനദണ്ഡങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ

284 (2840) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.എസ്.സി. വഴിയോ എക്സ്ചേഞ്ച് മുഖേനയോ ജീവനക്കാരെയും അദ്ധ്യാപകരേയും നിയമിക്കാതെ കരാർ/ദിവസക്കൂലി നിയമനങ്ങൾ നടത്തുന്നതിനാൽ പട്ടികജാതി വിഭാഗക്കാർക്ക് അർഹമായ തൊഴിൽ സംവരണത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്ന വിവരം അറിയിക്കുമോ ;

(ബി) പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനങ്ങൾ ഒഴിവാക്കുവാനും അല്ലാത്തപക്ഷം കരാർ/ദിവസക്കൂലി നിയമനങ്ങളിൽ കർശനമായി സംവരണ മാനദണ്ഡങ്ങൾ നടപ്പിലാക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരാർ/ദിവസക്കൂലി നിയമനങ്ങളിൽ സംവരണം പാലിക്കേണ്ടത് സംബന്ധിച്ച് നിലവിൽ വ്യവസ്ഥകളൊന്നുമില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

വിജ്ഞാൻവാടി നിർമ്മാണം

285 (2841) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽ കൊരട്ടി പഞ്ചായത്തിലെ സ്നേഹ നഗർ കോളനിയിൽ വിജ്ഞാൻവാടി കേന്ദ്രം നിർമ്മിക്കുന്നതിനായി അനുമതി ലഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും ഇനിയും നിർമ്മാണം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി കോളനികളിലെ അടിസ്ഥാന വർഗ്ഗത്തിനായി അനുവദിച്ച ഈ പദ്ധതിയുടെ നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly